# SAMUEL LMS HS ,PARASSALA

little KITEs

# MAGIC KITES



*Magic kites*

# ആമുഖം

സാങ്കേതിക വിദ്യയോടുള്ള പുതിയ തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ 'ഐ.ടി' കൂട്ടായ്മയാണ് 'ലിറ്റിൽ കൈറ്റ്സ്'.

ഞങ്ങളുടെ സ്കൂളിലെ ലിറ്റിൽ അംഗങ്ങളുടെ സമർപ്പണമാണ് ' *'Magic kites'* എന്ന ഡിജിറ്റൽ മാഗസിൻ .കഥകൾ, കവിതകൾ, ചിത്രങ്ങൾ, ലേഖനങ്ങൾ,.....തുടങ്ങി അനേകം കുട്ടികളുടെ സൃഷ്ടികൾ ഈ മാഗസിന്റെ മുതൽ കൂട്ടാണ്.

ആധുനിക സാങ്കേതിക വിദ്യയിൽ കുട്ടികൾ എത്രമാത്രം നൈപുണികൾ കൈവരിച്ചു എന്നതിന് തെളിവാണ് *'Magic kites'* എന്ന ഡിജിറ്റൽ മാഗസിൻ. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഞങ്ങളുടെ സ്കൂളിലെ കുരുന്നുകൾക്ക് സർവ ഭാവുകങ്ങളും നേർന്നുകൊണ്ട്........

**മേരി ജെയ്ൻ**

*(പ്രഥമാധ്യാപിക)*

**ഷീജാ ജാസ്മിൻ**

*( ലിറ്റിൽ കൈറ്റ് മിസ്ട്രസ്)*

**അനിജ.പി.നായർ**

*(ലിറ്റിൽ കൈറ്റ് മിസ്ട്രസ്)*

*Magic kites*

# ആശംസ



*എഴുത്ത് ശക്തിയുള്ള ഒരു ആയുധമാണ്. തകർക്കാനും പണിയാനും പുതുക്കാനും ശക്തിപ്പെടുത്താനുമുള്ള ഒരായുധം .... സാമുവൽ എൽ. എം. എസ്. എച്ച്. എസിന്റെ **'Magic kites'** 'എന്ന സാഹിത്യ സംരംഭം രൂപപ്പെടുത്തിയതിൽ വ്യക്തിപരമായ സന്തോഷം രേഖപ്പെടുത്തട്ടെ. പേരിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ സ്വച്ഛതയും സുസ്ഥിരതയും പ്രദാനം ചെയ്യാൻ ഈ സംരംഭം മുഖാന്തിരമാകട്ടെ ...*

*ജീവിത വിജയത്തിന് ശരിയായ ഉൾക്കാഴ്ച അനപേക്ഷണീയമാണ്. വ്യക്തി ജീവിതത്തിൽ ഏവരുടെയും വാക്കിനെയും പ്രവൃത്തിയെയും വിജയത്തെയും പരാജയത്തെയും ഉൾക്കാഴ്ച സ്വാധീനിക്കുന്നു. അതുപോലെ കുഞ്ഞുങ്ങൾ തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സിന്റെ **'Magic kites'** എന്ന ഈ കയ്യെഴുത്തു പ്രതിയിലെ എല്ലാ സാഹിത്യങ്ങളും എല്ലാവരിലും ഉൾക്കാഴ്ച ഉണർത്തട്ടെ.*

*ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.*

***മേരി ജെയ്ൻ***

*പ്രഥമാധ്യാപിക*

*Magic kites*



## ആശംസ

***ലിറ്റിൽ കൈറ്റ്സ് എന്ന ഐ.റ്റി കൂട്ടായ്മയുടെ ഭാഗമായി ' Magic kites' എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന-തിൽ അഭിമാനമുണ്ട്.വിവരസാങ്കേതിക വിദ്യ അതിവേഗം വളരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിന്റെ തെക്കേയറ്റത്തെ ഗ്രമമായ പാറശ്ശാലയിലെ സാമുവൽ എൽ. എം. എസ്. എച്ച്. എസിലെ കുരുന്നുകൾക്കും അതിലെ നൂതന വിദ്യകൾ പ്രായോഗികമാക്കുവാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെ സർഗവാസനയ്ക്കൊപ്പം അവർ നേടിയെടുത്ത കംപ്യൂട്ടർ വിദ്യാഭാസത്തിന്റെയും പ്രത്യക്ഷമായ തെളിവാണ് ഈ പതിപ്പ് എന്നതിൽ ചാരിതാർത്ഥ്യമുണ്ട്.***

***ഡാറ്റാ എൻട്രി, ഡി.റ്റി.പി, കോറൽ ഡ്രോ, ഫോട്ടോഷോപ്പ്, തുടങ്ങിയ കോഴ്സുകൾ പഠിച്ചവർക്ക് മാത്രം ചെയ്യാൻ കഴിയുന്ന ഈ സംരംഭം നമ്മുടെ കൊച്ചുകുട്ടകാർക്ക് ചെയ്യാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ......***

**ഷീജാ ജാസ്മിൻ**

ലിറ്റിൽ കൈറ്റ് മിസ്ട്രസ്

# ആശംസ



*വൈദ്യുതിയില്ലാത്ത ലോകത്തെ കുറിച്ച് സങ്കല്പിക്കാൻ പോലും കഴിയില്ല. അതുപോലെ തന്നെയാണ് ഇൻഫർമേഷൻ ടെക്നോളജിയും. ഇന്ന് നമ്മുടെ ജീവിതത്തിലും മറ്റ മേഖലകളിലും ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നായി ഇത് മാറിയിരിക്കുന്നു. പഠന പ്രവർത്തനങ്ങളിലെ ഇതിന്റെ സ്വാധീനം ഏറെയാണ്. ഇതിൻ പ്രകാരം കുഞ്ഞുങ്ങൾ തയ്യാറാക്കിയ '**Magic kites**' എന്ന ഡിജിറ്റൽ ആൽബം വായിക്കുന്ന ഏവർക്കും ഒരു പുതിയ അനുഭവം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.*

*ഇതിന്റെ പിന്നിലെ കഠിനാദ്ധ്വാനത്തേയും ത്യാഗത്തേയും ഞാൻ അഭിനന്ദിക്കുന്നു........*

**അനിജാ.പി.നായർ**

ലിറ്റിൽ കൈറ്റ് മിസ്ട്രസ്

# LITTLE KITES FAMILY




# EDITORIAL BOARD



*Magic kites*

# മാതൃസ്നേഹം

മനസ്സിൽ മണി കോവിലിൽ തെളിയും
പുതുനാളത്തിൻ ശോഭയിൽ ഉദിച്ചു നിൽക്കുന്നൊരമ്മ തൻ
പൊൻമുഖം പ്രകൃതി തൻ അംശമായ്
പ്രപഞ്ചത്തിനീശ്വരനായ്
അറിവായ് സ്നേഹമായ്
എരിഞ്ഞു തീർന്നിട്ടും
ത്യാഗത്തിൻ നാളമായ്
നിൻ വിരലിൽ തൂങ്ങി നടന്നതും
നിൻ മടിത്താരയിൽ ലയിച്ചതും
ഞാനൊരായിരം ചുംബനങ്ങൾ
അമ്മേ അമ്മേ എന്നും
എന്റെ ദൈവം



DIVISHA. 9

*Magic kites*

# ഒരു നിമിഷം കൂടി

അനന്ത വിലോലമം നിൻ മിഴികളിലൂടെ
ആയിരം അന്തസാഗരങ്ങളില്
അലിഞ്ഞമരുന്നു ഒന്നായി ഒഴുകാൻ
കാത്തിരിപ്പൂ ഞാനിവിടെ ഏകാകിയായി
എന്നിലും എവിടെയൊക്കെയോ
ദീനമാം രോദനം ഞാൻ കേട്ടു
അതെൻ ആത്മാവിൻ വിങ്ങലുകളാക്കാം
ആയിരം സായാഹ്ന മേഘങ്ങളിലൂടെ
എന്നെ തഴുകി കടന്നുപോയി
എങ്കിലും ഞാൻ പ്രതീക്ഷിച്ചിരിപ്പൂ
എന്നെങ്കിലും വർഷമേഘങ്ങളിൻ
ഒഴുകിയെത്തും ആ സായാഹ്നങ്ങളിലൂടെ
ഒന്നുകൂടി നാം കണ്ടുമുട്ടും
എൻ ആത്മാവിൻ തുടിപ്പുകളിൻ
അന്നു നിൻ പൊൻദീപശിഖപോലെ
മിന്നും പവിത്രമുഖം പ്രശോഭിതമാകും
ആ നിമിഷം ഞാനൊരു ബാഷ്പമുകുളമായി
നിൻ വദനങ്ങളിൻ അലിഞ്ഞു ചേരും ഞാൻ



Jenintha.S. Justus
9 B

*Magic kites*

# കഴിവ്



കഴിവില്ലാത്തവരില്ലെന്നുള്ളത്
കരുതുന്നതുമൊരു കഴിവാണേ
കഴിയും എന്ന് നിനച്ചിട്ടെല്ലാം
കഴിയുംമാതിരി ചെയ്യുന്നാൽ
കഴിവുകളുയരും നമ്മളുമുയരും
വളരും നമ്മൾ വാനോളം
കഴിവില്ലെന്ന് നിനച്ചിട്ടൊന്നും
ചെയ്യാതങ്ങനെ നിന്നാലോ
നമ്മുടെ കഴിവ് ഉള്ളതുകൂടി
പോകും നമ്മളെ വിട്ടൊരുനാൾ!



**ABHILA RAJ .B**
**9B**

*Magic kites*

# അദ്ധ്യാപകർ

അന്ധകാരത്തിൽ കിടക്കുന്നവനെ
വെളിച്ചത്തിൻ വഴി  കാണിക്കുന്നവർ
അദ്ധ്യാപകർ
പുതിയ തലമുറ വാർത്തെടുക്കുവാൻ
ആദ്യാക്ഷരം പകരുന്നവർ
അദ്ധ്യാപകർ
വിചിത്രമാം കുട്ടികൾ തൻ
കഴിവുകൾ തെളിയിക്കുന്നവർ
അദ്ധ്യാപകർ
സ്കൂളിൽ രക്ഷകർത്താവായി
സ്നേഹം പകരുന്നവർ
അദ്ധ്യാപകർ




Jenintha.s.Justus
9b

*Magic kites*

# പൂവൻകോഴി

പൂവൻകോഴി പുലരും മുമ്പേ
കൂവിവിളിക്കണതെന്തേ നീ
ആളുകളെല്ലാമുണരാനാണോ
കൂട്ട തുറന്നു വിടാനാണോ
കൂടൊരു തടവറയാണെന്നോ
കൂവലിലൂടെ പറയുന്നു
നീയൊരു നാളിൻ കൂവില്ലെങ്കിൽ
സൂര്യനുദിക്കില്ലെന്നാണോ
സമയക്ക്യൃത്യത പാലിച്ചെന്നും
പതിവായിങ്ങനെ കൂവാനായ്
പുലരും മുൻമ്പേ ഉണരും നിന്നുടെ
ശീലമതല്ലോ ബഹുകേമം



ABHILA
9 A

*Magic kites*

# ആറ്റിലെതോണി

ആറ്റിലുണ്ട് തോണി
കാറ്റിലാടും തോണിറിഞ്ഞ
തുഴയെറിഞ്ഞു പോയാൽ
പുഴയറിഞ്ഞു കാണാം
മെല്ലെയൊഴുകും തോണി
എന്തൊരഴകും തോണി
വലയെറിഞ്ഞു പോയാൽ
മീൻനിറച്ചു പോരാം
ആളുകയറും തോണി
പുഴകടത്തും തോണി
കാഴ്ച കണ്ടു പോയാൽ
മനംനിറച്ചു പോരാം
ഭംഗിയുള്ള തോണി
എന്തുനല്ല തോണി
തോണിയെന്നു കണ്ടാൽ
നോക്കി നിന്നുപോകും



**Abhithra**
**9B**

*Magic kites*

# കുട്ടന്റെ കുട




കുട്ടനു പുത്തൻ കുടയുണ്ടേ
അച്ഛൻ വാങ്ങിയ കുടയാണേ
സ്വിച്ചിൽ തൊട്ടാൽ വിടരും നല്ലൊരു
മഞ്ഞപ്പുള്ളിക്കടയാണേ

Greeshma
9 A

*Magic kites*

# മഴ



മഴ മഴ മഴ മഴ പെരുമഴയായ്
മാനത്തുന്നൊരു പുതുമഴയായ്
പൂമഴ തേൻമഴ പൊൻമഴയായ്
പൂമരം തന്നൊരു പൂമഴയായ്

അമ്മുവുമമ്മയുമൊന്നിച്ച്
പൊൻമഴ പുതുമഴനനയുമ്പോൾ
മേഘമതേറി പായാനായ്
മോഹം കുഞ്ഞിനു തോന്നിപ്പോയ്

**Jessy Buela**
**9 A**

# പ്രളയം

വാനം തുറന്നു മഴ പെയ്തു
വെള്ളം പൊങ്ങി നാട്ടുകളിൽ
പുഴകൾ നിറഞ്ഞ് കരകൾ കവിഞ്ഞ്

ഒഴുകീ വെള്ളം നാടാകെ
വീടുകളെല്ലാം വെള്ളത്തിലായി
ആളുകളെല്ലാം ക്യാമ്പിലായി
ഉരുളുകൾ പൊട്ടി മലകളടർന്നു
പ്രളയം പ്രളയം നാടാകെ






ABHILA RAJ .B
9B

*Magic kites*

# സഹായം

ഒരു ദിവസം ക്ലാസിലേക്ക് വന്ന ചിക്കു വീണു.കൂട്ടുകാർ എല്ലാം പൊട്ടിചിരിച്ചു. ആരും അവനെ സഹായിച്ചില്ല. എന്നാൽ ബിച്ചു വന്ന് ചിക്കുവിനെ എഴുന്നേൽപ്പിച്ചു. അതുകണ്ടു ടീച്ചർ ബിച്ചുവിന് ഒരു പെൻസിൽ സമ്മാനം കൊടുത്തു

**Anju**
**8 A**



*Magic kites*

# ചന്തമുള്ള  പൂന്തോട്ടം



ചന്തുവിനുണ്ടൊരു  പൂന്തോട്ടം
പൂക്കൾ നിറയും  പൂന്തോട്ടം
പൂന്തോട്ടത്തിൽ  പൂന്തേനുണ്ണാൻ
പൂമ്പാറ്റകളുടെതേരോട്ടം

പന്തുകണക്കെ മാനത്തങ്ങനെ
പൊന്തി വരുന്ന തീപന്തം
ഇന്നലെ അന്തിമയങ്ങിയ നേരം
കടലിൽ ചാടിയ തീപന്തം

ചോപ്പുനിറത്തിൽ പൊന്തി വരുന്ന
തീപന്തത്തെ കണ്ടപ്പോൾ
പൂന്തോട്ടത്തിലെ പൂക്കളിലൊക്കെ
ചന്തം തൂകും പുഞ്ചിരിയായ്

ARYA
7A

# കൊതുകേ

കൊതുകേ കൊതുകേ
പതുക്കെ വന്നെൻ
മുതുകിലിരിക്കരുതേ
ഇരുന്നു നീയെൻ
ചോരയെടുത്താൽ
വിടില്ല ഞാൻ നിന്നെ
വെറുതെ കൈ ഞാൻ
പുറത്തുവെച്ചൊരു
തേപ്പുകൊടുത്താലോ
അപ്പോൾ തന്നെ
ചതഞ്ഞുതീരും
ഓർത്തുകളിച്ചോ നീ!



Abhila
9B

# ഇതളുകൾ

രാവിന്റെ മഞ്ഞുകൊണ്ടുണർന്ന പൂവേ
നിന്റെ ഇതളിലെ ചേതോവികാരം
ഞാൻ അറിയുന്നു.
ഒളിയറ്റുന്ന നിറത്തിൻ മൗനമായി
നീയന്നു മാരുതനായി മാറിയില്ലേ
വർണ്ണചിറകുള്ള ഷഡ്പദങ്ങൾ
നിന്നെ ആകർഷിച്ചില്ലേ
നിന്റെ മധു അവർ ആസ്വദിച്ചില്ലേ
അവനിയിൽ പ്രഥമനായി നീ മാറി.



Jenintha.S.Justus
9B

# പൂമ്പാറ്റ



പലനിറമുണ്ട് പൂമ്പാറ്റ
പലയിടങ്ങളിലുമുണ്ട് പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
പലവിധമുണ്ട് പൂമ്പാറ്റ
പാറിനടക്കും പൂമ്പാറ്റ
നിന്നെ ഞാൻ ഉണർത്തുന്നു
നിന്നെ ഞാൻ വളർത്തുന്നു
നിന്നെ തേടി ആരും വരുകില്ലേ
നീ എന്നുടെ കൂടെ വരുകില്ലേ?
പൂന്തേനുണ്ണാൻ വരുകില്ലേ?

Reshma.R.M
**9B**



# എന്റെ നാട്

*താൻ ജനിച്ചുവീണ മണ്ണിനെക്കാൾ*
*ഏവർക്കും പ്രിയം വളർത്തിയ നാടിനെയല്ലോ*
*സ്വന്തം നാടിനെപ്പറ്റിഏതൊരാൾക്കും*
*പറയുവാനുണ്ടാകും നൂറു നൂറു വചസ്സുകൾ*
*സുഖഭോഗങ്ങളിൽപ്പെട്ട് തൻ ദേശം വിട്ടവർ*
*എന്തോ വീണ്ടും ഗൃഹാതുരത്യം തേടുന്നു*
*രാജ്യത്തിനായി. ജീവൻപോലും ത്യജിച്ച് വീര*
*സേനാനികളെന്നുമേവർക്കും മാതൃകകൾ*
*നാടിൻ സൂക്ഷിപ്പുകരാകേ നമ്മളെങ്ങനെ*
*അതിൻ അവകാശികളായിത്തീരുന്നു.*

Anjitha
8 B

*Magic kites*

# അനുസരണ

അപ്പുവും അമ്മുവും കൂട്ടുകാർ ആയിരുന്നു. അവർ ഒരിക്കൽ ആശുപത്രിയിൽ പോയി. അപ്പു എല്ലാ മുറിയിലേയും വാതിൽ തട്ടി. അമ്മു പറഞ്ഞു അപ്പു വാതിൽ തട്ടല്ലെ. എന്നാലും അപ്പു വാതിലിൽ തട്ടികൊണ്ടിരുന്നു. ആ വഴി വന്ന നഴ്സ് ഇതു കണ്ടു. നഴ്സ് അപ്പുവിനെ വഴക്കുപറഞ്ഞു. അപ്പു പറഞ്ഞു ഞാൻ ഇനി ഇങ്ങനെ ചെയ്യില്ല. അങ്ങനെ അപ്പു നല്ല കുട്ടിയായി വീട്ടിലേക്ക് മടങ്ങി.

Roy
9 A



*Magic kites*

# വേർപാട്



എന്തിനും എൻ അമ്മ
കുളിർമയേകും കാഴ്ച
പള്ളിക്കൂട വാതിലിൽ ചെല്ലുമ്പോൾ
എൻ കൂടെ ഉണ്ടായിരുന്നെൻ അമ്മ
മഴ വന്ന രാവിൽ എന്നെ
ഉറക്കിയതെൻ അമ്മ തൻ കൈകളല്ലോ
ഇന്നു ഞാൻ ഓർത്തു കരയുന്നല്ലോ
എൻ അമ്മ തൻ ഓമനകണ്ണുകൾ
എൻ ഓർമകളിൽ അമ്മ തൻ
സൗന്ദര്യം കൺചിമ്മാതെ നോക്കിയല്ലോ
ഇന്നു ഞാൻ കരയുന്നു എൻ
അമ്മയെ ഒരുനോക്കു
കാണുവാൻ പറ്റാത്തതിനാൽ

Jenintha S Justus
9B

*Magic kites*

# പ്രകൃതി

പച്ചിലകളും മരങ്ങളും കൊണ്ട്
പച്ചവിരിപ്പായ് പ്രകൃതി
പച്ചവിരിപ്പിൽ സുന്ദരമായ പൂക്കൾ
പല വർണ്ണത്തിലും ശോഭയിലും
വണ്ടുകളും ശലഭങ്ങളും
തേൻ നുകരുന്നു
തൻ നൃത്തങ്ങൾ ചുവടുവയ്ക്കുന്നു
നദികൾ കളകളമായി നിറഞ്ഞൊഴുകുന്നു
ഏതു തടസ്സവും നീക്കി
ഹാ! പ്രകൃതി നീ എത്ര മനോഹരം

Rohit
8 A



*Magic kites*

# മത്സരം

വത്സലൻ ഭക്ഷണത്തിനെത്തി. കക്ഷിക്ക് എന്നും ഭക്ഷണത്തോട്ആർത്തിതന്നെ. മത്സരത്തിൽ വത്സലനതന്നെയാണ് എന്നും ജയം. ഭക്ഷണം അകത്താക്കുമ്പോ ചേഷ്ടകളും അദ്ഭുതകരമാണ്.ദൃഷ്ടികൾ തുറിക്കും, പിന്നെ ചെറുതാവും. ഒടുവിൽ ക്ഷീണംതീർക്കാൻ ദീർഘമായ ഒരു ഉറക്കം അത്രതന്നെ......




**ABHILA.9**

*Magic kites*

# മലർ

വാനത്തിലെ താരകമോ
ഭൂമിയിൽ വന്നിറങ്ങിയതോ
ശലഭങ്ങളെ തൻ മടിയിലിരുത്തി
തൻ മധു പകരുന്നു
വണ്ടും തൻ ചുവടുകളാൽ
അല തിക്കുന്നു
സന്ധ്യയാകുമ്പോൾ ഭൂമിക്ക്
തന്നെ സമർപ്പിക്കുന്നു

Alafsana
8 A





# മഴവില്ല്

*മഴ പെയ്തു  മാനം തെളിഞ്ഞു*
*ജീവികളും മാനുഷരും ഉണർന്നു*
*മാനത്തിൽ ശോഭയാവിധം*
*ഏഴ് വർണങ്ങൾ തെളിഞ്ഞു*
*ഹാ എത്ര മനോഹരം*
*കുട്ടികൾ ചൊല്ലി*
*അമ്മേ ഇതെന്താ ഈ ഏഴ്*
*വർണങ്ങൾ ഒന്നായത്*
*മഴവില്ലെന്ന് അമ്മ ചൊല്ലി*

**Tony**
**8 A**

*Magic kites*

# ആറാട്ട്

കതിനക്കുറ്റികൾ  പൊട്ടുന്നു
കരിവീരന്മാർ നിരക്കുന്നു
പൂത്തിരി കത്തുമ്പോളയ്യോ
വാനത്താകെ പൂവെട്ടം
അമ്മേ നമ്മുടെ മാനത്ത്
ഇപ്പോഴാണോ ആറാട്ട്
കരിമുകിലാണത് വാനത്ത്
കരിവീരന്മാരല്ലല്ലോ
കതിനാവെടിയും പൂത്തിരിയും
ഇടിയും മിന്നലുമാണല്ലോ
ആറാട്ടല്ലിൽ പൊന്നുണ്ണി
തുലാമഴയുടെ വരവാണേ



ABHILA RAJ.B
9B

*Magic kites*

# മഴമൊഴി

***എന്നരികത്തു വന്നിതാ തഴുകി പുണരുന്നു***

***നീർത്തുള്ളി പോലെൻ കവിളിൽ പതിക്കുന്നുഝീവിത***

***വേദനയിലെതൊന്നേകുന്നു നല്ലാശ്വസമെൻ***

***ഹൃദയെ പുണരുന്നു ജീവശ്വാസം പകരുന്നു***

***ഘോഷപ്പെയ്ത്തു പോലാ മഴ***

***അന്ത്യത്തിനായി കേണിട്ടുന്നു***

***താളമായ് ഇമ്പമായ് നീട്ടിയുംമഴ***

Blessy
8 A

*Magic kites*

# എന്റെ വിദ്യാലയം

നീലാകാശം കുടപിടിക്കുന്ന
പച്ചപ്പട്ടു ചേലയുടുത്ത കുന്നിൻ ചരിവിലാണ്
എന്റെ വിദ്യാലയം
വിദ്യാലയത്തിനടുത്തായ്ഞങ്ങൾ  നട്ടു വളർത്തിയ
പൂന്തോട്ടമുണ്ട്
പല വർണങ്ങളിലുള്ള പൂക്കൾ
ചുവപ്പ് നീല വെള്ള

Aswathy
9 A



*Magic kites*

# എന്റെ തോണി

കടലാസു തോണി മഴയേറ്റ്
നനഞ്ഞു മറിഞ്ഞു
വർഷമോളുടെ കണ്ണുകൾ നിറഞ്ഞു
എന്റെതോണി അവൾക്ക് വിഷമംതോന്നി
മഴയോട് പിണങ്ങി അവൾ മടങ്ങി
അപ്പോഴും പുറത്തു മഴ....

**ARYA.7**



# ബാല്യകാലം



ഓർമ്മയിലുണ്ടൊരു ബാല്യകാലം
പാറിപ്പറന്നു കളിച്ചകാലം
പൂക്കൾ പറിച്ചു നടന്നകാലം
പൂമണം തേടി അലഞ്ഞകാലം
കാപട്യമില്ലാത്ത സ്നേഹലോകം
കാറ്റോട് കൊഞ്ചി നടന്നകാലം
തുമ്പയും മുക്കിറ്റി ചെമ്പകവും
പുഞ്ചിരി തൂകിയ വസന്തകാലം
തുമ്പിയും ശലഭവും തുമ്പയുമായ്
കണ്ണാരം പൊത്തിക്കളിച്ചകാലം
ഓർമ്മയിലുണ്ടൊരു ബാല്യകാലം
കാലമതോർക്കുമ്പോൾ സ്വപ്നലോകം

Abisha.R.J
**9B**

# അടിമവംശം

1967 ൽ ആലപ്പുഴ ജില്ലയിൽ താമരക്കുളത്ത് രതീദേവി ജനിച്ചു. പൊളിറ്റിക്സിൽ ബിരുദം നേടിയ രതീദേവി അഖിലേന്ത്യാ വിദ്യാർത്ഥി ഫെഡറേഷനിലും ,ഇന്ത്യൻ പീപ്പിൾസ് തിയറ്റർ അസോസിയേഷനിലും സംസ്ഥാനതലഅംഗമായിരുന്നു.

നിത്യ ജീവിതത്തിൽ നിസ്സഹായരായ മനുഷ്യർക്ക് നേരിടേണ്ടി വരുന്ന ഭൗതികവും അഭൗതികവുമായ തീവ്ര വേദനകളെ തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ സരളവും ഋജുവും ചടുലവുമായ ശൈലിയിലാണ് ഈ പുസ്തകത്തിലെ ഓരോ കഥകളും രചിച്ചിരിക്കുന്നത്. അശരണരും നിന്ദിതരും പീഢിതരുമായ സമകാലീന മനുഷ്യരുടെ മേൽ നിയോഗപരമോ മനുഷ്യനിർമ്മിതമോ ആയ കാരണങ്ങളാൽ അടിച്ചേൽപ്പിക്കുന്ന അനിവാര്യമെന്നപോലും പറയാവുന്ന ദുരവസ്ഥയ്ക്കു നേരെ രൂക്ഷമായും എന്നാൽ ആത്മമാർത്ഥമായും പ്രതികരിക്കുന്ന ഒരു മനുഷ്യന്റെ ശക്തമായ സചേതനമായ സാന്നിദ്ധ്യമാണ് അടിമവംശത്തിന്റെ ശക്തമായ അടിത്തറ.പത്തു കഥകൾക്കു പുറമേ ഈ സമാഹാരത്തിൽ നാലഞ്ച് ലഘു ചിത്രീകരണ ങ്ങളുണ്ട്.

നമ്മുടെ നാട്ടിലും ഭാഷയിലും നിലവിലുള്ള അല്ലെങ്കിൽ ഉണ്ടായിരുന്ന , ചില രാഷ്ട്രീയ സാമൂഹിക സാഹിത്യ പ്രവണതകളെ കുറിച്ച് രതീദേവി ചൂണ്ടികാണിക്കുന്നു. അടിമവംശം എന്നുതന്നെ പേരുള്ള കഥയും ചിതലുകൾ,ശിരോലിഖിതം ,അനാഥരുടെ നിലവിളി,അകപ്പൊരുൾ തുടങ്ങിയ കഥകളും അയതലളിതവും ഉള്ളിൽ ആഴത്തിൽ തറയുന്നതുമായ ആഖ്യാനശൈലിക്കും സമഗ്രമായ ഉൾകാഴ്ചയ്ക്കും ഉദാത്തമായ മാതൃകകളാണ്.

Shajini Y
9A

*Magic kites*

# കുഞ്ഞില

*കാറ്റേ കാറ്റേ കുഞ്ഞില പാവം*
*കാട്ടുമരത്തിൽ വളരട്ടെ*
*ഇത്തിരിദയ നീ കാട്ടണമതിനെ*
*ഞെട്ടിൽ നിന്നുമടർത്തല്ലേ*
*ഓരിലയീരിലയൊത്തിരിയിലകൾ*
*ഒന്നിച്ചങ്ങനെ വളരുമ്പോൾ*
*ഓരോകാറ്റുവരുമ്പോഴും അവ*
*രൊന്നായ് നൃത്തം ചെയ്യുമ്പോൾ*
*ഏതൊരു വേനൽ വന്നാലും ഇവി*
*ടെല്ലായ്പ്പോഴും കുളിരല്ലേ*
*നല്ല വെയിൽ നുകരട്ടെ*
*പല ചില്ലകളിനിയും വിടരട്ടെ.......*



ABHILA RAJ.B
**9B**

# ഒരു നിമിഷം കൂടി

അനന്ത വിലോലമം നിൻ മിഴികളിലൂടെ
ആയിരം അന്തസാഗരങ്ങളില്
അലിഞ്ഞമരുന്നു ഒന്നായി ഒഴുകാൻ
കാത്തിരിപ്പൂ ഞാനിവിടെ ഏകാകിയായി
എന്നിലും എവിടെയൊക്കെയോ
ദീനമാം രോദനം ഞാൻ കേട്ടു
അതെൻ ആത്മാവിൻ വിങ്ങലുകളാക്കാം
ആയിരം സായാഹ്ന മേഘങ്ങളിലൂടെ
എന്നെ തഴുകി കടന്നുപോയി
എങ്കിലും ഞാൻ പ്രതീക്ഷിച്ചിരിപ്പൂ
എന്നെങ്കിലും വർഷമേഘങ്ങളിൻ
ഒഴുകിയെത്തും ആ സായാഹ്നങ്ങളിലൂടെ
ഒന്നുകൂടി നാം കണ്ടുമുട്ടും
എൻ ആത്മാവിൻ തുടിപ്പുകളിൻ
അന്നു നിൻ പൊൻദീപശിഖപോലെ
മിന്നും പവിത്രമുഖം പ്രശോഭിതമാകും
ആ നിമിഷം ഞാനൊരു ബാഷ്പമുകുളമായി
നിൻ വദനങ്ങളിൻ അലിഞ്ഞു ചേരും ഞാൻ

Jenintha.s. Justus
9B

# എന്റെ നാട്

താൻ ജനിച്ചുവീണ മണ്ണിനെക്കാൾ ഏവർക്കും പ്രിയം വളർത്തിയ നാടിനെയല്ലോ. സ്വന്തം നാടിനെപ്പറ്റി ഏതൊരാൾക്കും പറയുവാനുണ്ടാകും നൂറു നൂറു വചസ്സുകൾ സുഖഭോഗങ്ങളിൽപ്പെട്ട് തൻ ദേശം വിട്ടവർ എന്തോ വീണ്ടും ഗൃഹാതുരത്വം തേടുന്നു രാജ്യത്തിനായി. ജീവൻപോലും ത്യജിച്ച് വീര സേനാനികളെന്നുമേവർക്കും മാതൃകകൾ നാടിൻ സൂക്ഷിപ്പുകരാകേ നമ്മളെങ്ങനെ അതിൻ അവകാശികളായിത്തീരുന്നു.

Divisha.S
9B



# പസ്സിൽ

ഒരു ഗ്രാമത്തിൽ അച്ഛനും മകനും ജീവിച്ചിരുന്നു. അച്ഛന്റെ കൈയ്യിൽ ഏഴ് ഇഞ്ച് നീളമുള്ള സ്വർണ്ണ ബിസ്ക്കറ്റ് ഉണ്ടായിരുന്നു.അച്ഛൻ ഓരോ ദിവസവും ഓരോ ഇഞ്ച് വീതം മകന് നൽകും പക്ഷേ അച്ഛന്റെ കൈയ്യിൽ രണ്ട്,ഒന്ന്,നാല് എന്നീ ഇഞ്ചുള്ള ബിസ്ക്കറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അച്ഛന് എങ്ങനെ മകന് ഒരോ ഇഞ്ച് വീതം നൽകാനാകും?

ഉത്തരം
--------
ഒന്നാം ദിവസം,ഒരു ഇഞ്ച്
രണ്ടാം ദിവസം,ഒന്ന് തിരികെ വാങ്ങിച്ച് രണ്ട് ഇഞ്ച് നൽകും
മൂന്നാം ദിവസം ,ഒരിഞ്ച് തിരികെ നൽകും
നാലാം ദിവസം,ഒരിഞ്ചും,രണ്ട്ഇഞ്ചും തിരികെ വാങ്ങിച്ച് നാല് ഇഞ്ച് നൽകും
അഞ്ചാം ദിവസം,ഒരിഞ്ച് നൽകും
ആറാം ദിവസം,ഒരിഞ്ച്തിരികെ വാങ്ങിച്ച് രണ്ട് ഇഞ്ച് നൽകും
ഏഴാം ദിവസം,ഒരിഞ്ച്നൽകും

Sanusha
9 A

# Rainbow



Violet, Indigo, Blue, Green, Yellow
Orange, and Red beautiful rainbow
seven twinkle layers of pretty rainbow.
In rainy season, we saw rainbow in the sky.

Seven colours are known as 'vibgyor'
Rain is welcome Rainbow together
Rainbow is the blessing of god
It is a big bless of our dear god.

Jenintha.s.justus
9b

# I RIDE MY LITTLE BICYCLE

**I ride my little bicycle**
**I ride it to the stop**
**And when I see the  big red light**
**I know I have to stop**
**I ride my little bicycle**
**I ride it to the gate**
**And when I see the yellow light**
**I know I have to wait**
**I ride my little bicycle**
**And when I see the big green light**
**I know that I can go**



ABHITHRA S
9B

# Elly the Elephant

*Elly the Elephant*
*Goes this way and that*
*She is so very big*
*She is very fat*
*She sways her trunk*
*from side to side*
*She takes us for a jolly ride*

Abhithra.S
9B



# Shapes and space

It was a cold winter day. The Arab was travelling on the camel back. At night the Arab pitched his tent and went inside it. The camel was outside. May I put my neck inside? It is too cold outside may I put my front legs inside? It is too cold outside okay! You may put your frond legs inside can I come inside?It is too cold outside oh!No the tent is too small for both of us. So I am coming inside and go outside.



Abhithra.s

**9b**

# Mother's love

Mother's love is something
that no one can explain
It is made of deep devotion
and it sacrifice and pain
it is endless and unselfish
and enduring come what way
For nothing can destroy it
or take that love away...
It is patient and for giving
when all others are forsaking,
And it never fails or fatters
even though the heart is breaking
it believes beyond believing
when the world around condemns,
And it glows with all the beauty
of the rarest, brightest  germs
it is for beyond defining
it defines all explanation
And it still remains a secret
like the mysteries of creation
man cannot understand
And another wondrous evidence
of  God's tender guiding hand.

Aswin
9 A


# A special Day

Mama hen had two little chicks named cuty and beauty. One morning, when cuty and beauty woke up ,they heard mama hen working busily in the kitchen. Mama usually pecks outside at this time . What happened today? Beauty asked cuty. Both of them ran to the kitchen. Mama was busy preparing someting in a bowl .Good morning 'My cuties go and bath quickiy . Mama said lovingiy. Mama ,why are you busy today? Is it a special day? Beauty asked .I will tell you when you come back after your bath , Mama replied . Cuty and beauty ran to bath .Why you do think today is a special day? Is an important guest visiting us today ? Cuty asked .Perhaps our grand . Parents are coming ,beauty said .Cuty and beauty finished their bath ,and ran to mama .Now tell us , Why today is speacial day . They said .”close your eyes . I will come just now . Don't open your eyes till I tell you to” .Mama said. Cuty and beauty closed their eyes .Mama return from the kitchen soon .'Ready ? Now open your eyes ,'Mama said . Cuty and beauty opened their eyes .'Wow; The chicks were surprised to see their mama holding a delicious cake. 'Happy birthday my dear chicks '.Today is your birthday ; Mama hugged and kissed her chicks .Then they had a wonderful birthday celebration.



Abhilaraj.B
9B

# ELEPHANT SONG



*Two little  eyes are small and bright*
*Two big ears are broad and  wide*
*One long trunk is dark and right*
*One small tail goes left and right*

*One big mouth goes left open wide*
*One big belly is round and fat*
*Four stout leg are big and strong*
*Follow the steps I go along*

ABHITHRA.S

9B

*Magic kites*

# OUR NATURE'S BEAUTY

***How beauty our world***
***The birds are singing and***
***fly through blue sea sky***
***The river are flowing with sounds***
***The animals are playing and dancing***

***Flowers are smiling in wind***
***The fishers are swimming in the river***
***The trees are blowing in wind***
***How beautiful our earth***

Jenintha S Justus
9B



*Magic kites*

# DEFORESTATION

The destruction of forest is called deforestation. The destruction of forest causes serious effect on human life and environment .According to the survey of the government, about 75 million hectare of land is forest. Recently collected satelite data are related that only 17 percentage area is covered with forests our . Country is losing 1.3 million hectare of forest a year for reclaiming more and more land for housing and industries. We have been destroying our forest needlessly. If trees are withered there will be famine of firewood.



**Varsha**
**8 A**

# A Friend in need is Friend Indeed

A real friend is one who helps you are in need of help. A number of people may claim to be your friends when you are living in property. But many of them will not be there with you when you are in adversity. The few that remain in this situation are your real friends. The so called friends that desert you when you are called in trouble are ' worse than your enemies . Prosperity make friends . But most of them desert you when you are in trouble . The true test of the real worth of your friend is your adversity. You must not have too many friends , they must be few but good .



Shajini Y
9 A

# "THE BRAVE BEES"



One day Tittu tiger came to his neighbouring jungle."Iam the king of the forest",the cruel Tittu tiger roared. "We have a very good king here. We don't want you as our king", Binny rabbit said angrily Tittu tiger caught hold of Binny rabbit "I'll kill you,tiny creature",Tittu tiger said."We are not afraid of you. Buzz...." some brave bees flew around Tittu tiger and stung him. The frightened Tittu tiger ran away in shame and never returned.

Jenintha S Justus
9B

# THE CLEVER CROW



Cuty crow was clever. One day she got a cake from a village. Cuty crow sat on the branch of a tree.As cuty crow was about to eat it,the cunning Fenny fox approached Cuty crow. “I must get that cake”.Fennyfox thought. Dear cuty crow, I have heard that your song is very sweet.Please sing a song for me’,said Fenny fox.But cuty crow was cleverer then Funny fox thought. Cuty crow removed the cake from her beak and held it firmly between her claws. “It is my pleasure to sing for you” Cuty crow said. Hearing this Funny fox put his head down in shame.

Adithya
8 B

# THE RUDE CAMEL

Camel laughed at the looks of other animals. All the animals were offended camels rude remarks. One day parrot met Camel .There is an ugly creature in the pond.  If you look into the pond you can see him, parrot said. Camel ran to the pond and looked into the water. He saw the image of a creature with a long , curved neck and an ugly humb on its back . Camel laughed at the creature in the pond . 'That is your own image reflecter  in the water' said . Camel was shocked to hear it . From that day on ,the camel stopped making fun of others.

JENINTHA S JUSTUS

9A

*Magic kites*

# Traffic Light

Red light, red light,what do you say
I say stop,and stop right away
Yellow light,yellow light what do you mean?
I mean wait till the light turns green.
Green light,green light,what do you say?
I say cross,but please look each way.
Thankyou,thank you;red,yellow,green
Now we know what the traffic lights mean.

ABHITHRA.S
**9 B**



# Heart transplantation and Artificial heart

Organ donation and transplantation is not a breaking news today . There are records of transplantation of skin parts done in India during BC 200. In 1946 the first heart transplantation surgery was initiated by transplanting a dog's heart by Demikov, a Russian doctor. In humans, this surgery was first performed successfully in 1967 under the leadership of Bernard in South Africa. Heart transplantation is done World Wide nowadays.

Abisha. R.j
**9B**

*Magic kites*

# KINDNESS

We must be kind .Kindness is one of the main qualities of good men .But only a few people in this world are really kind . Many people are selfish and rude. They aren't at all helpful to others around them . This is against the happy living in a community . So we should learn to be kind to everyone around us that we can live happily.

By being kind to others ,we please God . If we are kind to others ,others will be kind to us in turn . We should extend our kindness to all our elders ,friends and servants . We should be kind even to our enemies . We should try to win them over . We must show kindness especially to old , sick , blind people . These people need our help and sympathy because , they can't help themselves .

God is pleased with those who are kind to such persons . We should not be unkind to animals because they are also good creatures . As they are dumb , they cannot cry out and tell us their feelings . Many animals help us in several ways . We can also serve God by being kind to animals , birds and all living creatures .

FEBA .R.V
**9B**

# OXYGEN

Oxygen is the chemical element with the symbol 'O' and atomic number 8.It is a member of the chalcogen group in the periodic table ,a highly reactive non metal ,and an oxidizing agent that readily forms oxides with most elements as well as with other compounds. At standard temperature and pressure two atoms of the element bind to form di oxygen ,a colour less and odourless diatomic gas with formula $O_2$. Diatomic oxygen gas constitutes 20.8% of the Earth's atmosphere. As compounds including oxides ,the element makes up almost half of the Earth's curst .In 1774 a scientist named Joseph Priestly discovered oxygen . But its name oxygen was given by the French scientist Lavosier . The name 'oxygen' is derived from the word 'oxygenes' which means the acid producer.



ARYA SREEKUMAR
9 B

*Magic kites*

# സ്കൂൾ ഭരണഘടന







*Magic kites*

# Training classes .....





# *Magic kites*





# *Magic kites*





# *Magic kites*





# *Children's day celebration.....*



# *Magic kites*





*Magic kites*

# ജാഗ്രത........




27TH JAN 2020
രാജസ്ഥാനിൽ
കൊറോണ
കേരളവും ജാഗ്രതയിൽ
കണ്ണൂരിലും മലപ്പുറത്തും
കോഴിക്കോട്ടും
288 പേർ നിരീക്ഷണത്തിൽ

*Magic kites*


കേരള സർക്കാർ
കൊറോണ വൈറസ്
പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ
സോപ്പും വെള്ളവും ഉപയോഗിച്ച് ഇടയ്ക്കിടെ കൈകൾ കഴുകുക. 20 സെക്കന്റോളം കൈകൾ കഴുകണം
ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ച് മൂക്കും വായും അടച്ചുപിടിക്കുക
കഴുകാത്ത കൈകൾകൊണ്ട് കണ്ണുകൾ, മൂക്ക്, വായ തുടങ്ങിയ ഭാഗങ്ങളിൽ തൊടരുത്
പനിയുള്ളവർ ഉപയോഗിച്ച സാധനങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവ ഉപയോഗിക്കാതിരിക്കുക
അനാവശ്യ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കുക
രോഗബാധിത പ്രദേശങ്ങളിലേക്കുള്ള യാത്രകൾ ഒഴിവാക്കുക
പനി, ചുമ, തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സയ്ക്ക് നിൽക്കാതെ ഉടൻ ഡോക്ടറെ കാണുക
NATIONAL HEALTH MISSION
ആശങ്ക വേണ്ട ജാഗ്രത മതി
DEPARTMENT OF HEALTH SERVICES
KERALA

# *Magic kites*


ബെയ്ജിങ്
BNC MALAYALAM
ആറ് മാസത്തിനകം ലോകമെങ്ങും
കൊറോണ വൈറസ് പടരും
650 ലക്ഷം ജനങ്ങൾ കൊല്ലപ്പെട്ടക്കും,
ഡോ.എറിക് ടോണറിന്റെ മുന്നറിയിപ്പ്
ശ്വാസകോശവുമായി ബന്ധപ്പെട്ടാണ് കൊറോണ വൈറസ് ശക്തിയാർജ്ജിക്കുന്നത്. ന്യൂമോണിയ മുതൽ സാധാരണ ജലദോഷമായി വരെ ഇത് കാണാം. 2000ത്തിൽ ചൈനയിൽ പടർന്ന സാർസ് ബാധയിൽ 774 പേരാണ് മരിച്ചത്.18 മാസം കൊണ്ട് 65 മില്ല്യൺ പേർ മരിച്ചേക്കാം.
Al Ruba
Fried Chicken Masala
"THE REAL TASTE OF FRIED CHICKEN"
MADHUR FOOD PRODUCTS


കേരളത്തിൽ കൊറോണ
ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
വൈറസ് ശ്വാസകോശത്തെ സാരമായി ബാധിക്കുമ്പോഴാണ് മരണം സംഭവിക്കുന്നത്
നിപ്പയുടേതിലെന്ന പോലെ വൈറസ് പൊതുസമൂഹത്തിൽ പടരാതിരിക്കാനുള്ള നടപടികൾ വേണം


കൊറോണ – സൂക്ഷിക്കുക
മനുഷ്യൻ ഉൾപ്പെടെയുള്ള സസ്തനികളുടെ ശ്വാസനാളിയെ ബാധിക്കുന്ന വൈറസുകളാണ് കൊറോണ
ലക്ഷണങ്ങൾ
മൂക്കൊലിപ്പ്,ചുമ,തൊണ്ട വേദന,
തലവേദന,പനി
ഇവ ഏതാനും ദിവസങ്ങൾ നീണ്ടു നിൽക്കും
https://m.facebook.com/sasyamofficial
പടരുന്നത്
•ശരീരസ്രവങ്ങളിലൂടെ
•വൈറസ് സാന്നിധ്യമുള്ളയാളെ സ്പർശിക്കുന്നത് വഴി
SASYAM
Love Nature
പ്രതിരോധിക്കാൻ
•പരിസര വ്യക്തിശുചിത്വം പാലിക്കുക
•മാംസവും മുട്ടയും നന്നായി പാചകം ചെയ്യുക
•വളർ ത്തു മൃഗങ്ങളുമായി കൂടുതൽ ഇടപഴകരുത്
•രാജ്യാന്തര യാത്ര ചെയ്യുന്നവർ ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ഉള്ളവരുമായുള്ള അടുത്ത സമ്പർക്കം ഒഴിവാക്കുക

*Magic kites*

